# സ്വർണ്ണച്ചിറകുള്ള പക്ഷി

കവിത

തമ്പി ആന്റണി

എന്റെ വീടിന്റെ ഉമ്മറത്തേക്ക്
എങ്ങു നിന്നോ പറന്നെത്തിയൊരു
സ്വർണ്ണച്ചിറകുള്ള പക്ഷി
തത്തിക്കളിച്ചും മെല്ലെമെല്ലെ
മുത്തം കൊടുത്തുമെൻ മുറ്റത്തെ മുല്ലയിൽ
സ്വർണ്ണച്ചിറകൊതുക്കി നിന്നു.
കൂട്ടം തെറ്റിയ ദേശാടനകിളിപോൽ
കള്ളക്കണ്ണിട്ടു നോക്കി കാറ്റു വന്നു
തള്ളിത്തുറന്നൊരു ജാലകപഴുതിലൂടെ.
പതുക്കെ പതുക്കെ തത്തിക്കളിച്ചെൻ
പുത്തൻ കിടക്കയിൽ പറന്നിരുന്നു.
ഓട്ടക്കണ്ണിട്ടു നോക്കുന്നൊരി സുന്ദരി
ഓർമ്മിപ്പിക്കുന്നൊരാ ബാല്യകാലങ്ങൾ
മുറ്റത്തൊരു കോണിലാ കിണറ്റിൻ കരയിലെ
കാറ്റാടി മരത്തിലൊരു കിളി കൂടു വച്ചതും
കിളിക്കൊഞ്ചൽ കേട്ടുറക്കമുണർന്നതും
പുലർച്ചയിലോടിയെത്തിയോരെൻ
കാലോച്ച കേട്ടവ പേടിച്ചരണ്ടതും
എല്ലാമോർമ്മയിലോടിയെത്തുന്നു
മുല്ലപ്പൂക്കളെ മുത്തമിട്ടുണർത്തുന്നൊരി
സ്വർണ്ണവർണ്ണച്ചിറകുള്ള പക്ഷിയോടൊപ്പമായ്.
ഇല്ല ഞാൻ വിടില്ലെന്റെയി
വർണ്ണച്ചിറകുള്ള പക്ഷിയെ.
മെല്ലെ ഞാനടച്ചിട്ടു കാറ്റിലാടുന്നൊരാ
പാതി തുറന്നിട്ട ജാലകങ്ങൾ.